# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 151

18/03/2013 - ൽ മറുപടിക്ക്

## കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| എ) | കൊയിലാണ്ടി ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിലേയ്ക്ക് സമർപ്പിക്കപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റിന്റെ വിശദാംശം ലഭ്യമാക്കുമോ; | എ) | കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്തിന്റെ പൂർത്തീകരണത്തിനായി 6113 ലക്ഷം രൂപയുടെ അടങ്കൽ തുക വരുന്ന പുതുക്കിയ കോംപ്രിഹെൻസീവ് റിപ്പോർട്ടാണ് 21.12.2012 ൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിന്റെ വിശദാംശം അനുബന്ധം I ൽ ചേർത്തിട്ടുണ്ട്. |
| ബി) | കേന്ദ്ര ഫണ്ട് ലഭ്യമാവുന്നതിന് വകുപ്പിൽ നിന്നോ, മന്ത്രാലയത്തിൽ നിന്നോ കേന്ദ്ര ആഭ്യന്തര സഹമന്ത്രിക്ക് നിവേദനമോ, കത്തോ നൽകിയിട്ടുണ്ടോ; | ബി) | കേന്ദ്ര ആഭ്യന്തര സഹമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. |
| സി) | എങ്കിൽ പ്രസ്തുത കത്തിന് കേന്ദ്ര മന്ത്രിയിൽ നിന്നും എന്തു മറുപടിയാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ; മറുപടി കത്തിന്റെയും കേന്ദ്രമന്ത്രിക്ക് അയച്ച കത്തിന്റെയും പകർപ്പ് ലഭ്യമാക്കാമോ; | സി) | ഈ കാര്യം കേന്ദ്ര കൃഷി വകുപ്പ് മന്ത്രി തലത്തിൽ നടപടി സ്വീകരിക്കുന്നതിന് ശ്രമിക്കുന്നതായി ബഹു. കേന്ദ്രമന്ത്രി ശ്രീ. മുല്ലപ്പള്ളിയുടെ മറുപടി ലഭിച്ചിട്ടുണ്ട്. |
| ഡി) | കൊയിലാണ്ടി ഫിഷിംഗ് ഹാർബറുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ശാസ്ത്രീയ പഠനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | ഡി) & ഇ) | 1) ചെന്നൈയിലെ NATIONAL INSTITUTE OF OCEAN TECHNOLOGY 2002 നവംബർ മാസം സമർപ്പിച്ച " A technical report on NUMERICAL MODEL STUIDIES ON THE DEVELOPMENT OF FISHERIES HARBOUR AT KOYILANDY"<br>2) തൃശ്ശൂരിലെ ENVIROCHEM LABORATORIES PRIVATE LIMITED 2003 മേയ് മാസം സമർപ്പിച്ച "RAPID ENVIORNMENTAL IMPACT ASSESS |
| ഇ) | പ്രസ്തുത പഠന റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | | |

MENT FOR THE FISHERY HARBOUR AT KOYILANDY"

3) തിരുവനന്തപുരത്തെ CENTRE FOR EARTH SCIENCE STUDIES ആഗസ്റ്റ് മാസം സമർപ്പിച്ച "DEMARCATION OF HIGH TIDE LINE AND COASTAL REGULATION ZONE FOR THE PORPOSED FISHERY HARBOUR AT KOYILANDY"

പഠന റിപ്പോർട്ടുകളുടെ പകർപ്പ് അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.

| | | | |
|---|---|---|---|
| എഫ്) | ഫിഷിംഗ് ഹാർബർ സംബന്ധിച്ച് മാർച്ച് 2 ന് മന്ത്രി വിളിച്ച് ചേർത്ത യോഗത്തിൽ ജനപ്രതിനിധികൾ അല്ലാതെ പങ്കെടുത്തവർ ആരെല്ലാമെന്ന് വ്യക്തമാക്കാമോ; | എഫ്) | 1. ശ്രീ. എസ്. മാധവൻ നമ്പൂതിരി, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്<br>2. ശ്രീമതി. പി. ലത, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്<br>3. ശ്രീ. ഒ. രാധാകൃഷ്ണൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ്, കൊയിലാണ്ടി<br>4. ശ്രീ. കെ. അബ്ദുൾ മജീദ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ്, പുതിയാപ്പ<br>5. ശ്രീമതി. ജിസ്ന ദേവസ്യ, അസി. എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ്, ചോമ്പാൽ |
| ജി) | ജനപ്രതിനിധികൾ അല്ലാത്തവർ ആയി ഈ യോഗത്തിൽ പങ്കെടുത്തവർ നടത്തിയ ചർച്ചയിലെ വിശദാംശം ലഭ്യമാക്കുമോ; | ജി | യോഗത്തിന്റെ മിനിട്ട്സ് അനുബന്ധം IV ആയി ചേർത്തിട്ടുണ്ട്. |
| എച്ച്) | യോഗത്തിൽ എന്തെല്ലാം കാര്യങ്ങൾക്ക് ധാരണയായി എന്ന് വിശദമാക്കാമോ; | എച്ച്) | |
| ഐ) | യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | ഐ) | |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്